(എ) മോണോസൈറ്റ് ഫാക്ടറിയുടെ പണി ആരംഭിച്ചോ;

(ബി) പണി നടത്തുന്നതു് ആരു്;

(സി) ആ കമ്പനിയിലേക്കു ഇതിനകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ഫാക്ടറിയിലേക്കു ഇതിനകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല.

കയർ കയറ്റുമതി

*൨൧൨൨. (൨൨൩) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൭-ലും ൧൯൫൮-ലും എത്ര കോടി രൂപായ്ക്കു കയർ ഉല്പന്നങ്ങൾ ഈ സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്തിട്ടുണ്ടു്;

(ബി) ൧൯൫൮-ൽ കയർ ഉല്പന്നങ്ങളുടെ കയറ്റുമതി കുറയുന്നതിനുണ്ടായ കാരണങ്ങൾ എവ;

(സി) കയർ ഉല്പന്നങ്ങൾക്കു കൂടുതൽ വിദേശ വിപണികൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ ഗവണ്മെണ്ടു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തിരുവിതാംകൂർ.

൧൯൫൭ ൧൫ കോടിരൂപാ.

൧൯൫൮ ൧൫ കോടി രൂപ.

കൊച്ചി, ഉദ്ദേശം.

൨ കോടി രൂപാ.

൪ കോടി രൂപാ.

(ബി) ഈ സംസ്ഥാനത്തിൽനിന്നും സാധാരണയായി കയർ ഉൽപന്നങ്ങൾകയറ്റുമതി ചെയ്തുകൊണ്ടിരുന്നതു് യൂണൈറ്റഡ് കിംഗ്ഡം, അമേരിക്ക, ഓസ്ട്രേലിയാ എന്നീരാജ്യങ്ങൾ ആയിരുന്നു. ൧൯൫൭—൧൯൫൮ വർഷത്തിൽ ഈ രാജ്യങ്ങൾ നെതർലണ്ടിൽനിന്നും കയറ്റുമതിയ്ക്കു് തടുക്കു് മുതലായവ ധാരാളം വാങ്ങിച്ചിരുന്നു. അതാണു് ൧൯൫൮-ൽ കയർ ഉല്പന്നങ്ങളുടെ കയറ്റുമതി കുറയുന്നതിനുള്ള പ്രധാനകാരണം. രണ്ടാം ലോകമഹായുദ്ധാനന്തരമുണ്ടായ സാമ്പത്തിക കുഴപ്പവും മറ്റൊരു കാരണമാണു്.

(സി) ഉണ്ടു്.

വിദ്യാർത്ഥികൾക്കു സഹായധനം

*൨൧൨൩. (൨൨൭) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വടക്കൻ പറവൂർ ഇംഗ്ലീഷ് ഹൈസ്കൂളിലും വിദ്യാവിലാസിനി സ്കൂളിലും പഠിക്കുന്ന അധഃകൃത സമുദായവിദ്യാർത്ഥികൾക്കു ഗവണ്മെണ്ടു് ഇക്കൊ

LIBRARY ARCHIVES Kerala Legislative Assembly